**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 305** **10-06-2024 - ൽ മറുപടിയ്ക്ക്**

**സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നഗര സഭയിൽ റവന്യൂ ടവറിന് സമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള സ്ഥലത്ത് സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുന്നതിന് അനുയോജ്യമാണ് എന്ന കോട്ടയം ജില്ലാ സപ്ലൈ ഓഫീസറുടെ റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലാ സപ്ലൈ ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ രണ്ട് വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിൽ നിലനിർത്തികൊണ്ട്, ഗോഡൗൺ നിർമ്മാണത്തിനായി മാത്രം ഭൂമിയുടെ ഉപയോഗാനുമതിയും കൈവശാനുഭവവും കൈമാറി നൽകണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ സമർപ്പിച്ച ശുപാർശയിന്മേൽ ബഹു.ഭക്ഷ്യവും പൊതുവിതരണ ഉപഭോക്തൃകാര്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.02.2023ന് നടന്ന യോഗത്തിൽ നൽകിയ നിർദ്ദേശ പ്രകാരം "Lease out" വ്യവസ്ഥയിൽ ശാസ്ത്രീയ ഗോഡൗൺ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുവാൻ പൊതു വിതരണ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഭൂമിയുടെ അവകാശം ഹൗസിംഗ് ബോർഡിൽ നിലനിർത്തിക്കൊണ്ട് ഗോഡൗൺ നിർമ്മിക്കുന്നതിന് ഭൂമിയുടെ കൈവശാവകാശവും ഉപയോഗാനുമതിയും കൈമാറി നൽകണമെന്ന സിവിൽ സപ്ലൈസ് കമ്മീഷണറുടെ റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | കോട്ടയം ജില്ലാ സപ്ലൈ ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ രണ്ട് വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിൽ നിലനിർത്തികൊണ്ട്, ഗോഡൗൺ നിർമ്മാണത്തിനായി മാത്രം ഭൂമിയുടെ ഉപയോഗാനുമതിയും കൈവശാനുഭവവും കൈമാറി നൽകണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ സമർപ്പിച്ച ശുപാർശയിന്മേൽ ബഹു.ഭക്ഷ്യവും പൊതുവിതരണ ഉപഭോക്തൃകാര്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.02.2023ന് നടന്ന യോഗത്തിൽ നൽകിയ നിർദ്ദേശ പ്രകാരം |

| | | | |
|---|---|---|---|
| | | | "Lease out" വ്യവസ്ഥയിൽ ശാസ്ത്രീയ ഗോഡൗൺ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുവാൻ പൊതു വിതരണ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ